(ബി) സ്വകാര്യ പങ്കാളിയെ കണ്ടെത്തിയത് ടെണ്ടർ നടപടിക്രമങ്ങളിലൂടെ ആയിരുന്നോയെന്ന് വിശദമാക്കാമോ ;

(സി) സൈബർ ഡോമിന്റെ സ്വകാര്യ പങ്കാളിയായി പ്രവർത്തിയ്ക്കുന്ന സ്ഥാപനം ഏതാണ് ;

(ഡി) സൈബർ ഡോമിനായി ഇതിനകം ചെലവായ തുക എത്രയാണ് ; സൈബർ ഡോം വഴി ഏതെല്ലാം നിലയിലുള്ള കുറ്റകൃത്യങ്ങൾ തടയുവാൻ സാധ്യമായിട്ടുണ്ട് വിശദമാക്കാമോ ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കുകയും അത്തരം കുറ്റക്കാരെ മുൻകൂട്ടി കണ്ടെത്തി അവർക്കെതിരെ നിയമ നടപടികളും മറ്റും സ്വീകരിക്കുന്നതിനായി സൈബർ ഡോം സ്ഥാപിക്കുവാൻ സർക്കാർ ഉത്തരവ് (എംഎസ്.) 167/2014/ആഭ്യന്തരം തീയതി 22-8-2014 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി & സി) സ്വകാര്യ പങ്കാളിത്തം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ഡി) പദ്ധതി പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ തുകയൊന്നും ചെലവായിട്ടില്ല.

മാറാട്, കതിരൂർ കേസുകളിലെ സി.ബി.ഐ. അന്വേഷണം

188 (189) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസുകൾ സി.ബി.ഐ. അന്വേഷണത്തിനുവിടുന്ന തീരുമാനങ്ങൾ രാഷ്ട്രീയ പ്രേരിതമായി മാറിയിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാറാട് കൂട്ടക്കൊല സംഭവത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള സർക്കാരിന്റെ ആവശ്യത്തിൻമേൽ അന്നത്തെ കേന്ദ്രഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നു ;

(സി) പ്രസ്തുത കേസിനെ സി.ബി.ഐ.-ക്ക് വിടുന്നതിനെതിരായി നിലപാട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എടുത്തത് എങ്ങനെയായിരുന്നു ; ഇക്കാര്യം അന്നത്തെ കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടായിരുന്നുവോ ;

(ഡി) കതിരൂരിലെ മനോജ് എന്നയാളുടെ കൊലപാതകം, ലോക്കൽ പോലീസിന്റെ അന്വേഷണത്തിലിരിക്കെ സി.ബി.ഐ.-ക്ക് വിടാനുണ്ടായ സാഹചര്യം എന്തായിരുന്നു ;

(ഇ) ഈ കേസിൽ പോലീസ് ഒന്നാം പ്രതിയാക്കിയ വിക്രമൻ എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) സംസ്ഥാന സർക്കാർ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയക്കാൻ തീരുമാനിച്ചത് എപ്പോഴാണെന്ന് വിശദമാക്കാമോ ; കേന്ദ്ര സർക്കാരിനയച്ച കത്തിൽ ഇതേവരെ അറസ്റ്റ് നടന്നിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ടായിരുന്നോ ; വസ്തുതാവിരുദ്ധമായ കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചത് എന്തിനുവേണ്ടി ആയിരുന്നുവെന്ന വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) സംഭവം നടന്ന് നാലു വർഷങ്ങൾ കഴിഞ്ഞശേഷം അർത്ഥവത്തായ ഒരു അന്വേഷണം സാദ്ധ്യമല്ലെന്ന കാരണത്താലാണ് മാറാട് കേസ് സി.ബി.ഐ.-ക്ക് വിടാൻ കഴിയുകയില്ലെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നത്.

(ഡി) സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് പരിഗണിച്ചാണ് കതിരൂർ മനോജ് വധക്കേസ് സി.ബി.ഐ.-ക്ക് കൈമാറാൻ തീരുമാനിച്ചത്.

(ഇ) കതിരൂർ മനോജ് വധക്കേസിലെ ഒന്നാം പ്രതി വിക്രമനെ പോലീസ് അറസ്റ്റു ചെയ്തിരുന്നില്ല. ടിയാൻ 11-9-2014-ന് കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ കീഴടങ്ങുകയാണ് ചെയ്തത്.

(എഫ്) സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ 7-9-2014-ന് തീരുമാനിച്ചിരുന്നെങ്കിലും വിജ്ഞാപനം പുറപ്പെടുവിച്ചശേഷം കേന്ദ്ര സർക്കാരിന് കത്തയച്ചത് 12-9-2014-നാണ്. 6-9-2014-ലെ കത്തുപ്രകാരം സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊഫോർമാ റിപ്പോർട്ടാണ് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിരുന്നത്. അതിൽ ഇതുവരെ ആരെയും അറസ്റ്റു ചെയ്തിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly